# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ.ഡി.കെ.ടി.എം പി17-185/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗര കാര്യ വകുപ്പ്, കൊല്ലം. (ഉപരിപത്രം സഹിതം)
4) ഓഫീസ് കോപ്പി.

നമ്പർ: കെ.എസ് എ.ഡി.കെ.ടി.എം പി17-185/22 തീയ്യതി: 23/03/2022

## കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രതീഷ് സി.ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി ശശിധരൻ | ചെയർമാൻ | 01-04-2019 | 18-01-2020 |
| ശ്രീമതി ഇന്ദിരാദേവി എസ് | ചെയർപേഴ്സൺ | 19-01-2020 | 09-02-2020 |
| ശ്രീ ബിജു കണ്ണേഴത്ത് | ചെയർമാൻ | 10-02-2020 | 31-03-2020 |
| ശ്രീമതി രമ്യാ കൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീന വി | മുൻസിപ്പിൽ എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീ ബിനു കെ | മുൻസിപ്പിൽ എഞ്ചിനീയർ | 17-07-2019 | 25-07-2019 |
| ശ്രീമതി ഉഷ ആർ | മുൻസിപ്പിൽ എഞ്ചിനീയർ | 26-07-2019 | 21-12-2019 |
| ശ്രീ അനിൽ ഡി ജെ | മുൻസിപ്പിൽ എഞ്ചിനീയർ | 21-12-2019 | 22-01-2020 |
| ശ്രീ ബിനു കെ | മുൻസിപ്പിൽ എഞ്ചിനീയർ | 22-01-2020 | 14-02-2020 |
| ശ്രീമതി ആരതി സാധു | മുൻസിപ്പിൽ എഞ്ചിനീയർ | 14-02-2020 | 31-03-2020 |
| ശ്രീ സലിം എൽ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 05-08-2019 |
| ശ്രീ കൃഷ്ണകുമാർ | ഹെൽത്ത് ഇൻസ്പെക്ടർ | 05-08-2019 | 04-09-2019 |
| ശ്രീമതി സുനിമോൾ വൈ ജെ | ഹെൽത്ത് ഇൻസ്പെക്ടർ | 04-09-2019 | 31-03-2020 |
| ഡോ.നിഷ മോഹൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി | 01-04-2019 | 20-11-2019 |
| ഡോ.സ്മിത രജിത്കുമാർ | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി | 20-11-2019 | 31-03-2020 |
| ഡോ.അനിൽകുമാർ വി വി | മെഡിക്കൽ ഓഫീസർ,ആയുർവേദ ഡിസ്പെൻസറി | 01-04-2019 | 31-03-2020 |
| ഡോ അനിതാ ബാബു | മെഡിക്കൽ ഓഫീസർ,ഗവ.താലൂക്ക് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | | |
| ഡോ.നിർമ്മലാ പ്രിയദർശിനി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സിന്ധു വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി തങ്കമണി എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ജയചന്ദ് ബി | ഹെഡ് മാസ്റ്റർ,ഗവ.എൽ പി സ്കൂൾ വൈക്കം | 01-04-2019 | 31-03-2020 |
| ശ്രീ നൗഷാദ് ബി | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Bineeth Rajan (Auditor, On 11-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 17-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 17-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-02-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 27-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Albin Cyriac (Auditor, On 21-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-02-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Bineeth Rajan (Auditor, On 18-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 10-01-2022)<br>Last Updated By: Bineeth Rajan (Auditor, On 23-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-12 |
| 13 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-13 |
| 14 | അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-14 |
| 15 | തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-15 |
| 16 | കോവിലകത്തും കടവ് ഐസ് പ്ലാന്റ് - തുക ക്രമീകരിച്ച് കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: Yogesh R (Senior Grade Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | |
| 17 | കുത്തകലേലം -തുക ലഭ്യമാകുവാൻ അവശേഷിക്കുന്നു.<br>Written By: Yogesh R (Senior Grade Auditor, On 22-01-2022)<br>Last Updated By: Sulatha.D (Audit Officer, On 23-01-2022) | 1-17 |
| 18 | വാടക പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 22-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-03-2022) | 1-18 |
| 19 | അനധികൃത നിർമ്മാണം പൊളിച്ചുമാറ്റൽ - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-19 |
| 20 | ആക്രിസാധനങ്ങളുടെ ലേലം-ഫയലും അനുബന്ധരേഖകളും ഹാജരാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-20 |
| 21 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്ക്- ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-21 |
| 22 | ടെണ്ടർ കുറവ് ക്വോട്ട് ചെയ്തയാൾക്ക് കരാർ നൽകിയില്ല – 10204 രൂപയുടെ അധികച്ചെലവ്.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-22 |
| 23 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് - 19924 രൂപ അധികം ചെലവഴിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-23 |
| 24 | പോസ്റ്റ് ഷിഫ്റ്റിംഗ് - യു.സി ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-24 |
| 25 | ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-25 |
| 26 | ശ്രീമൂലം മാർക്കറ്റ് പുനരുജ്ജീവനം - ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-03-2022) | 1-26 |
| 27 | ആയുർവേദാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 18-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-27 |
| 28 | രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-28 |
| 29 | ആയുർവേദാശുപത്രിക്ക് ജനറേറ്റർ വാങ്ങൽ - പ്രോജക്ട് നടപ്പാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 18-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-29 |
| 30 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന് സമീപം ടൈൽ പാകലും ഗേറ്റ് സ്ഥാപിക്കലും - അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-30 |
| 31 | റെഗുലർ / കണ്ടിജന്റ് പെൻഷൻ ഫണ്ട്<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 1-31 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്ക്- ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.<br>Written By: Sulatha.D (Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 3-1 |
| 2 | ടെണ്ടർ കുറവ് ക്വോട്ട് ചെയ്തയാൾക്ക് കരാർ നൽകിയില്ല – 10204 രൂപയുടെ അധികച്ചെലവ്.<br>Written By: Sulatha.D (Audit Officer, On 21-02-2022)<br>Last Updated By: Sulatha.D (Audit Officer, On 21-02-2022) | 3-2 |
| 3 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് - 19924 രൂപ അധികം ചെലവഴിച്ചു.<br>Written By: Sulatha.D (Audit Officer, On 21-02-2022)<br>Last Updated By: Sulatha.D (Audit Officer, On 21-02-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Bineeth Rajan (Auditor, On 12-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Bineeth Rajan (Auditor, On 12-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Bineeth Rajan (Auditor, On 12-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 4-10 |
| 11 | തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 12-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2020 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 47888 | 37079193.27 |
| വരവ് | 262915133 | 126191688 |
| ആകെ | 262963021 | 163270881.27 |
| ചെലവ് | 260124783 | 130638019 |
| നീക്കിയിരിപ്പ് | 2838238 | 32632862.27 |

### 1-2 വാർഷിക ധനകാര്യ പത്രിക

വൈക്കം നഗരസഭയുടെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 133066602/- രൂപയും ചെലവ് 137552276/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 4485674/- രൂപയുമാണ്. 31/03/2020-ലെ നഗരസഭയുടെ ആസ്തിമൂല്യം 158048641.27 രൂപയും ബാധ്യതകളുടെ മൂല്യം 109566536.35 രൂപയും ജനറൽ ഫണ്ട് 48482104.92 രൂപയുമാണ്. 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി പി.ഡി. | 500 |
| ട്രഷറി MF(നം.1-665) | 1 |

2.പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ഡി & ഒ ലൈസൻസ് എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള കുടിശ്ശിക തുകകളുടെ കൃത്യത ഉറപ്പാക്കുവാൻസാധിച്ചില്ല .

3.ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 'Other Advances-Municipal Funds' എന്നയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

4.ഓഫീസാവശ്യത്തിനായി നഗരസഭയിലേക്ക് വാങ്ങിയ മോട്ടോർ പമ്പിന്റെ വിലയായ 4856 രൂപ ബാലൻസ് ഷീറ്റിലെ ബി 14 ഷെഡ്യൂളിൽ (Stock In Hand) തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5.സ.ഉ.(എം.എസ്)നം.152/11/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.

6.ജീവനക്കാരുടെ തൊഴിൽ നികുതി തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

7.ബി 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പരസ്യനികുതിയിനത്തിൽ ലഭ്യമാകുവാനുള്ള 96720 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

8.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വാർഷികകണക്കുകളിലെ നീക്കിയിരിപ്പ് തുക നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37079193.27 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 126191688 |
| ആകെ | 163270881.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 130638019 |
| നീക്കിയിരിപ്പ് | 32632862.27 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57579 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1514356 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24552684 | 24552684 | 15864046 | 8688638 | 64.6 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8871333 | 8871333 | 3839629 | 5031704 | 43.28 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 476000 | 476000 | 0 | 476000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 20769000 | 20769000 | 11113479 | 9655521 | 53.5 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 6376000 | 6376000 | 6376000 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 37950000 | 37950000 | 11378281 | 26571719 | 29.98 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 10950434 | 10950434 | 3964341 | 6986093 | 36.2 |
| സ്വച്ഛ് ഭാരത് | 4276131 | 13322 | 4289453 | 424973 | 3814480 | 9.90 |
| എൻ.യു.എൽ.എം | 257272 | 1889721 | 2146993 | 1795877 | 351116 | 83.64 |
| സാക്ഷരത | 70747 | 2819 | 73566 | 2024 | 71542 | 2.75 |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 6) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | എ സി ആർ / | സുലേഖ | ജി.ഒ പ്രോജക്ടായി |
|---|---|---|---|

| | വാർഷിക കണക്ക് പ്രകാരം | പ്രകാരം | കുറവ് ചെയ്ത തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 15009810 | 15864046 | 854236 |
| എസ്.സി.പി | 3746296 | 3839629 | 93333 |

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

നഗരസഭയുടെ 2019-20 വാർഷികപദ്ധതിക്ക് കൗൺസിലിന്റെ 29-18-19-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 9-3-20-ലെ 2707/18/DPC/DPO/KTM നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 8-12-18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 2-10-18 |
| വികസനസെമിനാർ | 11-12-18 |
| പദ്ധതിരൂപീകരണവാർഡ്സഭകൾ | 2018 നവംബർ മാസത്തിലെ വിവിധ തീയതികൾ |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 24-12-19- 11-3-19 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | തുക ചെലവഴിച്ചവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സബ്ഇൻസ്പെടർ ഓഫ് ഫിഷറീസ് | 2 | 2 | 325942 | 312442 | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 3 | 2300000 | 1800000 | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 550000 | 550000 | |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 6 | 5 | 1256000 | 1049284 | |
| കൃഷി ഓഫീസർ | 4 | - | 1776400 | - | |
| സെക്രട്ടറി,നഗരസഭ | 35 | 25 | 14734545 | 10906166 | |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 2 | 1 | 268787 | 29190 | |
| വെറ്ററിനറി സർജൻ | 8 | 8 | 1711000 | 843817 | |

| | | | | | |
|---|---|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 2 | 1 | 1440000 | 528908 | |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ | 18 | 13 | 13867856 | 4085035 | |
| മുനിസിപ്പൽ എൻജിനീയർ | 311 | 124 | 9,45,36,490 | 3,04,17,351 | |
| ഐസിഡിഎസ് സൂപ്പർവൈസർ | 2 | 2 | 2263563 | 2013563 | |
| | 398 | 178 | 13,50,30,583 | 5,25,35,776 | |

വാർഷികപദ്ധതിക്കായി ലഭിച്ച 5കോടിയിലധികം രൂപ നഷ്ടമായി പദ്ധതി ചെലവ് കേവലം 38.9% ശതമാനം -

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമികഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിലും അംഗീകാരം കിട്ടിയ പ്രോജക്ടുകൾ അധികവും നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ നിർവ്വഹണഘട്ടത്തിലുണ്ടായ കാലതാമസവും, മാർച്ച്മാസത്തിൽ ട്രഷറിനിയന്ത്രണം മൂലം പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും ബിൽ പാസ്സാകാതെ കൃവിലാവുകയും ചെയ്തതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. വകയിരുത്തിയ തുകയുടെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കാനായുള്ളൂ. ആയതിനാൽ വിവിധ വിഭാഗങ്ങളിലായി ബജറ്റ്പ്രകാരം അനുവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയ തുകയും പ്രോജക്ട് നടപ്പായിട്ടും ട്രഷറിയിൽപാസ്സാകാതെ കൃൂലിസ്റ്റിലായ ബിൽതുകകളും ഉൾപ്പെടെ ആകെ 5.74 കോടി രൂപ വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് തരം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 86,88,638 |
| എസ്.സി.പി | 50,31,704 |
| റ്റി.എസ്.പി | 476000 |
| ധനകാര്യക്കമ്മീഷൻ അവാർഡ് (ടൈഡ്ഗ്രാന്റ്) | 69,86,093, |
| ധനകാര്യക്കമ്മീഷൻ അവാർഡ് (അൺടൈഡ്ഗ്രാന്റ്) | 2,65,71,719/- |
| മെയിന്റനൻസ് ഗ്രാന്റ് | 96,55,521 |
| ആകെ | 57,409,675 |

വികസനപദ്ധതികൾക്കായി പഞ്ചായത്തിന് ലഭ്യമായ വിവിധ സർക്കാർഗ്രാന്റുതുകയിൽ 5.74 കോടിയിലധികം രൂപ ചെലവഴിക്കപ്പെടാതെ നഷ്ടമായത് ഗൗരവമായി കാണേണ്ടതും ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതുമാണ്. ആയതിനുള്ള പരിഹാര നടപടികൾ വരും വാർഷികപദ്ധതികളിൽ സ്വീകരിക്കുന്നതിലേക്കായി നഗരസഭാ കൗൺസിലിന്റെയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 808 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 808 പദ്ധതികളിൽ 379 എണ്ണം പൂർത്തീകരിച്ചു. തൻവർഷം 30857 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1227 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പച്ചക്കറി കൃഷി സ്ഥലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, തോട് വൃത്തിയാക്കൽ, വഴിയരികിൽ വൃക്ഷത്തൈ നടീൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3,20,005/- |
| വരവ് | 2019-20 അലോട്ട്മെന്റ് | 50,00,000/- | 50,39,263/- |
| | ബാങ്ക് പലിശ | 39,263/- | |
| | ആകെ വരവ് | 50,39,263/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 53,59,268/- |
| ചെലവ് | വേതനം | 40,96,162/- | 47,08,899/- |
| | സാധന ഘടകം | 1,00,942/- | |
| | ശമ്പളം(ഭരണച്ചെലവ്) | 4,59,416/- | |
| | മറ്റു ചെലവ് | 52,379/- | |
| | ആകെ ചെലവ് | 47,08,899/- | |
| നീക്കിയിരിപ്പ് | | | 6,50,369/- |

യൂണിയൻ ബാങ്കിലെ 553702010005561 നം. അക്കൗണ്ടിലൂടെയാണ് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് വിനിമയം നടത്തുന്നത്. 2019-20 അക്കൗണ്ട്സ് പ്രകാരം 6,49,919/- രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. നഗരസഭയിലെ വാർഷിക കണക്കിലെ നീക്കിയിരിപ്പും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ 450/- രൂപയുടെ വ്യത്യാസം കാണുന്നു.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 83880 | 84 |
| കർഷകതൊഴിലാളി പെൻഷൻ | 2037600 | 347 |
| വിധവാപെൻഷൻ | 3076200 | 552 |
| വാർദ്ധക്യകാലപെൻഷൻ | 10090800 | 1945 |
| വികലാംഗപെൻഷൻ | 1214500 | 208 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 303600 | 60 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2022 ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50471/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവ്വചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നഗരസഭയിലെ പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, ഡി ആൻഡ് ഓ ലൈസെൻസ്, വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് വസ്തുനികുതിയിലെയും, വാടകയിലെയുമൊക്കെ കുടിശ്ശികകൾ വ്യക്തമാക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളിൽ പരിശോധനയ്ക്കാവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തുന്നില്ല.

പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറൽ | 19.07.2016 – 05.08.2016 | 2011-12 മുതൽ 2015-16 | LBA(HQ)II/8A-2485/197 Dtd 19.06.2012 |

### 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വൈക്കം നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സ്വപ്ന വെഡ്ഡിംഗ് കളക്ഷൻ സെന്റർ, വൈക്കം | 1&2 |

| | | |
|---|---|---|
| 2 | മട്ടക്കൽ സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 3 | വൈക്കം ട്രേഡേഴ്സ് സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 4 | സെൻട്രൽ ബസാർ സൂപ്പർ മാർക്കറ്റ് | 1&2 |
| 5 | മിത്രം സൂപ്പർ മാർക്കറ്റ്, വൈക്കം | 1&2 |
| 6 | ട്രെൻഡ്സ് ഫോർ വിമൺ, വൈക്കം | 1&2 |
| 7 | ട്രെൻഡ്സ് , വൈക്കം | 1&2 |
| 8 | ബ്രെഡ് ബാസ്കറ്റ് , വൈക്കം | 1&2 |
| 9 | ഓക്സിജൻ ഡിജിറ്റൽ സൂപ്പർ ഷോപ്പി, വൈക്കം | 1&2 |
| 10 | റിയൽ സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 11 | എടയന്ത്രത്ത് ഡെന്റൽ ഹോസ്പിറ്റൽ, വൈക്കം | 1&2 |
| 12 | എച്ച്.ഡി.എഫ്.സി. സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ്,വൈക്കം | 1&2 |
| 13 | കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ്, വൈക്കം | 1&2 |
| 14 | പോസ്റ്റ് ഓഫീസ്, വൈക്കം | 1&2 |
| 15 | ഖാദി ഷോറൂം, വൈക്കം | 1&2 |
| 16 | ആലപ്പി സർവ്വോദയ സംഘം,വൈക്കം | 1&2 |
| 17 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, വൈക്കം | 1&2 |
| 18 | അർബൻ വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി, വൈക്കം | 1&2 |
| 19 | അക്വാരിയസ് ഹോട്ടൽ, വൈക്കം | 1&2 |
| 20 | നീതി മെഡിക്കൽ സ്റ്റോർ,വൈക്കം | 1&2 |
| 21 | വിജയ ജൂവലറി, വൈക്കം | 1&2 |
| 22 | പഴേമഠം ജൂവലറി, വൈക്കം | 1&2 |
| 23 | പഴേമഠം ഫിനാൻസിയേഴ്സ്, വൈക്കം | 1&2 |
| 24 | ഇൻഡസ് ഇൻഡ് ബാങ്കിംഗ്& ഫിനാൻസിംഗ്, വൈക്കം | 1&2 |
| 25 | പോപ്പുലർ ഫിനാൻസിംഗ്, വൈക്കം | 1&2 |
| 26 | കരുവേലിമറ്റം ചിട്ടി,വൈക്കം | 1&2 |
| 27 | ആർ.ബി.എൻ സൊല്യൂഷൻ,വൈക്കം | 1&2 |

| | | |
|---|---|---|
| 28 | വൈറ്റ് ഗേറ്റ് റസിഡൻസി,വൈക്കം | 1&2 |
| 29 | ഭാരത് ഗ്യാസ് ഏജൻസീസ്, വൈക്കം | 1&2 |
| 30 | കൽപ്പക സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 31 | ഹലോ ഡിയർ സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 32 | മാവേലി മെഡിക്കൽസ്, വൈക്കം | 1&2 |
| 33 | ഫയർ ആൻഡ് റെസ്ക്യൂ, വൈക്കം | 1&2 |
| 34 | ശ്രദ്ധ ദന്തൽ ക്ളിനിക്ക്,വൈക്കം | 1&2 |
| 35 | വർമ്മാസ് പബ്ളിക്ക് സ്കൂൾ,വൈക്കം | 1&2 |
| 36 | ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ESI ഡിസ്പെൻസറി, വൈക്കം | 1&2 |
| 37 | ജി.ടെക് കമ്പ്യൂട്ടേഴ്സ് | 1&2 |
| 38 | ടൗൺ കയർ വ്യവസായ സഹകരണ സംഘം | 1&2 |
| 39 | വലിയകുളങ്ങര ദന്തൽ ക്ലിനിക്ക് | 1&2 |
| 40 | വി.എസ്.എം ഹോസ്പിറ്റൽ | 1&2 |
| 41 | മണപ്പുറം ഫിനാൻസ് | 1&2 |
| 42 | വൈക്കം എയ്ഡഡ് സ്കൂൾടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 43 | ബി.എസ്.എൻ.എൽ വൈക്കം | 1&2 |
| 44 | കെ.ടി.ഡി.സി വൈക്കം | 1&2 |
| 45 | കെ.എസ്.ആർ.ടി.സി വൈക്കം | 1&2 |
| 46 | വേമ്പനാട് ഹോട്ടൽ, വൈക്കം | 1&2 |
| 47 | കെ.എസ്.എഫ്.ഇ, വൈക്കം | 1&2 |
| 48 | കെ.എസ്.ഇ.ബി, വൈക്കം | 1&2 |
| 49 | വൈറ്റ് ഗോൾഡ് വൈക്കം | 1&2 |
| 50 | നിധി ഫിനാൻസ്, വൈക്കം | 1&2 |
| 51 | സാംസംഗ് ഹോം അപ്ലയൻസസ്, വൈക്കം | 1&2 |
| 52 | വിജയ ഹോം അപ്ലയൻസസ്, വൈക്കം | 1&2 |
| 53 | ജിയോ ഡിജിറ്റൽ ലൈഫ്, വൈക്കം | 1&2 |
| 54 | ബേക്ക് പോയിന്റ്, വൈക്കം | 1&2 |
| 55 | ഫുഡ് വില്ല , വൈക്കം | 1&2 |
| 56 | രാമനാട്ടുകര റോയൽ എൻഫീൽഡ് ഷോറൂം, വൈക്കം | 1&2 |

| | | |
|---|---|---|
| 57 | ആവേ മരിയ യമഹ ഷോറൂം, വൈക്കം | 1&2 |
| 58 | എ.ജി.സി ഓട്ടോമൊബൈൽസ് ഹീറോ ഓട്ടോ ഷോറൂം., വൈക്കം | 1&2 |
| 59 | വൈക്കത്ത് പറമ്പിൽ ഓട്ടോ മൊബൈൽസ്, വൈക്കം | 1&2 |
| 60 | വിവേകാനന്ദ വിദ്യാ മന്ദിർ, വൈക്കം. | 1&2 |
| 61 | കേരള ബാങ്ക്, വൈക്കം | 1&2 |
| 62 | കൊശമറ്റം ഫിനാൻസ്, വൈക്കം | 1&2 |
| 63 | മിനി മുത്തൂറ്റ്, വൈക്കം | 1&2 |
| 64 | മംഗളം ദിനപത്രം , വൈക്കം ബ്യൂറോ | 1&2 |
| 65 | വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വൈക്കം. | 1&2 |
| 66 | വൈക്കം ഗവ. ടീച്ചേഴ്സ് സഹകരണ സംഘം, വൈക്കം | 1&2 |
| 67 | ഇസാഫ്, വൈക്കം | 1&2 |
| 68 | ഫെഡറൽ ബാങ്ക്, വൈക്കം | 1&2 |
| 69 | ഗോകുലം ചിറ്റ്സ്, വൈക്കം | 1&2 |
| 70 | യൂണിയൻ ബാങ്ക്, വൈക്കം | 1&2 |
| 71 | എച്ച്.ഡി.എഫ്.സി ബാങ്ക്, വൈക്കം | 1&2 |
| 72 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വൈക്കം | 1&2 |
| 73 | കാനറ ബാങ്ക് , വൈക്കം | 1&2 |
| 74 | ബജാജ് ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം | 1&2 |
| 75 | പോപ്പുലാർ ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം | 1&2 |
| 76 | ഹോണ്ട ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം | 1&2 |
| 77 | ചാണീസ് ഈറ്റ്സ്, വൈക്കം | 1&2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി

ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എച്ച്.ഡി.എഫ്.സി. സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ്,വൈക്കം | 1,2 |
| 2 | വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വൈക്കം. | 1,2 |
| 3 | വൈക്കം ഗവ. ടീച്ചേഴ്സ് സഹകരണ സംഘം, വൈക്കം | 1,2 |
| 4 | ഇസാഫ്, വൈക്കം | 1,2 |
| 5 | ഫെഡറൽ ബാങ്ക്, വൈക്കം | 1,2 |
| 6 | ഗോകുലം ചിറ്റ്സ്, വൈക്കം | 1,2 |
| 7 | യൂണിയൻ ബാങ്ക്, വൈക്കം | 1,2 |
| 8 | എച്ച്.ഡി.എഫ്.സി ബാങ്ക്, വൈക്കം | 1,2 |
| 9 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വൈക്കം | 1,2 |
| 10 | കാനറ ബാങ്ക് , വൈക്കം | 1,2 |
| 11 | കേരള ബാങ്ക്, വൈക്കം | 1,2 |
| 12 | കൊശമറ്റം ഫിനാൻസ്, വൈക്കം | 1,2 |
| 13 | മിനി മുത്തൂറ്റ്, വൈക്കം | 1,2 |
| 14 | മണപ്പുറം ഫിനാൻസ് | 1,2 |
| 15 | വൈക്കം എയ്ഡഡ് സ്കൂൾടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,2 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷം ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | റോസ് ഭാരത് ഗ്യാസ് ഏജൻസീസ്, വൈക്കം | 7 |

| | | |
|---|---|---|
| 2 | വെൽഫെയർ കോളേജ്, വൈക്കം | 12 |
| 3 | ഇൻഡ്യൻ കോഫീ ഹൗസ്, വൈക്കം | 34 |
| 4 | റിലയൻസ് റീടെയിൽ ലിമിറ്റഡ് | 6 |
| 5 | ഡോക്ടേഴ്സ് ഡയഗണോസ്റ്റിക് സെന്റർ | 8 |
| 6 | എസ്.എൻ.വി ഹോട്ടൽ | 6 |
| 7 | ആര്യാസ് ഹോട്ടൽ | 7 |
| 8 | ലച്ച്മൺ ദാസ് മാച്ച് വർക്സ്, | 18 |
| 9 | അശോക് ട്രേഡിംഗ് കമ്പനി | 8 |
| 10 | റോയിസ് പ്രീ സ്കൂൾ | 7 |
| 11 | കൃഷ്ണൻ നായർ എന്റർപ്രൈസസ് | 7 |
| 12 | എസ്റ്റേറ പോളിമേഴ്സ് | 14 |
| 13 | എ&ബി കമ്പ്യൂട്ടേഴ്സ് | 7 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-14 അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, കരാറുകാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ചട്ടം 3(9) ൽ ഉൾപ്പെടുന്ന മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക്, സ്റ്റേജ് ക്യാരിയർ, അല്ലെങ്കിൽ ഗുഡ്സ് ക്യാരിയർ ആയി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകൾ, ചട്ടം 3(10) ൽ ഉൾപ്പെടുന്ന കരാറുകാർ എന്നിവരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.01.22) പരാമർശിത വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയട്ടുണ്ട്. പ്രസ്തുത വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം

വൈക്കം നഗരസഭയുടെ 2019-20 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണവും ആധികാരികത ഇല്ലാത്തതുമാണ് പ്രസ്തുത രജിസ്റ്ററിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനിൽനിന്നും ഈടാക്കിയ തൊഴിൽ നികുതി, സ്ഥാപനത്തിൽ നിന്ന് ആകെ ഈടാക്കിയ നികുതിയുടെ രസീത് വിവരങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട വിവരങ്ങളൊന്നും ചേർത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

1-16 കോവിലകത്തും കടവ് ഐസ് പ്ലാന്റ് - തുക ക്രമീകരിച്ച് കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഫയൽ നം.R3 104 A/01

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കോവിലകത്തും കടവ് ഐസ് പ്ലാന്റ് 2019-20 വർഷം ശ്രീ. സായിമോൻ, നട്ടാശ്ശേരിൽ എന്നയാൾ 820000 +18% ജി.എസ്.റ്റി തുകയ്ക്ക് നടത്തിപ്പിനായി ലേലത്തിൽ പിടിച്ചിരുന്നു. ആയത് പ്രകാരം ടിയാൻ അടവാക്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല തുക | ജി.എസ്.റ്റി | അടവാക്കിയ തീയതി |
|---|---|---|---|
| 1 | 273333 | 49200 | 27.02.19 |
| 2 | 91112 | 16400 | 26.09.19 |
| 3 | 91112 | 16400 | 18.12.19 |
| ആകെ | 455557 | 82000 | |

ഇപ്രകാരം ടിയാൻ കിസ്റ്റ് തുകയിനത്തിൽ 364443 രൂപയും ജി.എസ്.റ്റി ഇനത്തിൽ 65600രൂപയും അടവാക്കുവാൻ ബാക്കിയുള്ളതായി കാണുന്നു.

ടിയാൻ പ്ലാന്റ് ഏറ്റെടുത്ത ശേഷം പ്ലാന്റിൽ അമോണിയ ലീക്ക് ഉണ്ടായിയെന്നും ആയത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്ലാന്റ് തുറക്കാൻ സാധിക്കുകയുള്ളുവെന്നും അറ്റകുറ്റപ്പണികൾ ചെയ്യുവാൻ അനുമതി നൽകണമെന്നും ചെലവാകുന്ന തുക കിസ്തു തുകയിൽ നിന്നും ഇളവ് ചെയ്ത് തരണമെന്നും കുത്തകക്കാരൻ അപേക്ഷ നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് കുത്തകക്കാരൻ 273232 രൂപ മുടക്കി അറ്റകുറ്റപ്പണി ചെയ്തതിന്റ ബില്ലുകൾ ഹാജരാക്കി ടി തുക ടിയാൻ അടവാക്കുവാൻ ബാക്കിയുള്ള തുകയിൽ നിന്നും ഇളവ് ചെയ്ത് തരണമെന്ന് അപേക്ഷ നൽകിയിട്ടുള്ളതായും കാണുന്നു. ആയതിന്റ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/12.01.22)മറുപടി ലഭ്യമാക്കിയില്ല.

1.പ്ലാന്റിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് കുത്തകക്കാരന് കൗൺസിൽ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.

2.കുത്തകക്കാരൻ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ബില്ലുകൾ എഞ്ചിനീയറിംഗ് വിഭാഗം മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ, ചെലവ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും അംഗീകരിച്ചതിന്റെ രേഖകൾ.

3.കുത്തകക്കാരൻ അറ്റകുറ്റപ്പണികൾക്കായി മുടക്കിയ 273232 രൂപ ബാക്കി അടവാക്കുവാനുള്ള തുകയിൽ നിന്നും ഇളവ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.

4.കുത്തകക്കാരൻ ബാക്കി അടവാക്കാനുള്ള തുകയുടെ വിവരവും ആയത് ഈടാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും.

മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടിയാൾ അറ്റകുറ്റപ്പണികൾ നടത്തിയ തുക അടവാക്കുവാൻ ബാക്കിയുള്ള തുകയിൽ നിന്നും ഇളവ് ചെയ്ത് നൽകിയിട്ടുണ്ടോയെന്നും ബാക്കി തുക അടവാക്കിയിട്ടുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ടിയാൻ അടവാക്കുവാൻ ബാക്കിയുള്ള തുക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-17 കുത്തകലേലം -തുക ലഭ്യമാകുവാൻ അവശേഷിക്കുന്നു.

2019-20 വർഷത്തെ കുത്തക ലേലം സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന കുത്തകക്കാർ തുക പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല.

| ക്രമ | കുത്തകയുടെ | കുത്തക | ഡിമാന്റ് തുക + | ലഭ്യമായ | ഈടാക്കുവാൻ |
|---|---|---|---|---|---|

| നം. | വിവരം | ലേലത്തിൽ എടുത്ത ആളുടെ വിവരം | ജിഎസ് റ്റി | തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1. | മുനിസിപ്പൽ വസ്തുക്കളിൽ നിന്നുള്ള മേലാദായം | ബിജു.സി, പാലേത്ത് | 30500+5490 | 11000+1980 | 19500+3510 |
| 2. | ക്രിമറ്റോറിയം | ശിവരാജൻ ,കൈതകത്ത് | 105000+18900 | 0 | 105000+18900 |
| 3. | ജങ്കാർ സർവ്വീസ് | എം.അബ്ദുൾ ഗഫൂർ | 243750+43875 | 93750+16875 | 150000+27000 |
| | ആകെ | | | | 274500+49410 |

മേൽ തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/12.01.22) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ ജി.എസ്.റ്റി, പിഴപലിശ എന്നിവ സഹിതം പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 വാടക പൂർണ്ണമായും ഈടാക്കിയില്ല

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന മുറികളുടെ വാടക 2019-20 വർഷം പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | മുറി | വാടകക്കാരന്റെ പേര് | 2019-20 വർഷത്തെ നിരക്ക് (വാടക + ജി.എസ്.റ്റി) | ഈടാക്കാത്ത മാസങ്ങൾ | കുടിശിക | |
|---|---|---|---|---|---|---|
| | | | | | വാടക | ജി.എസ്.റ്റി |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 17 | യു ഉലഹന്നാൻ,ചാണ്ടിച്ചിറ | 1550 + 279 | 4/19-3/20 | 18600 | 3348 |
| 2 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 21 | ധന്യാ സിജി പരുത്തിക്കാനിലയം | 43659+7859 | 01/20-3/20 | 130977 | 23577 |
| 3 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 24 | എം.പി രമണൻ വടക്കേത്തറ | 194 + 35 | 4/19-3/20 | 2328 | 420 |
| 4 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 2 | പി.വി.ശശി,കുന്നത്ത് വീട് | 1112+ 200 | 1/20-3/20 | 3336 | 400 |
| 5 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 4 | സെക്രട്ടറി,കോട്ടയം ജില്ലാ മെക്കാനിക്കൽ | 245 + 44 | 4/19-3/20 | 2940 | 528 |

| | | | | | | |
|---|---|---|---|---|---|---|
| | | വർക്കേഴ്സ് യൂണിയൻ | | | | |
| 6 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 5 | സെക്രട്ടറി, വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ (AITUC) | 245 + 44 | 4/19-3/20 | 2940 | 528 |
| 7 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 1 | സീനാ ഷാജി , വല്ലത്തറ | 5238 + 943 | 4/19-3/20 | 62856 | 11316 |
| 8 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 4 | അജിമോൻ, മുട്ടത്താഴത്ത് | 1509 + 272 | 4/19-3/20 | 18108 | 3264 |
| 9 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 7 | മാനേജർ, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 350 + 63 | 11/19-3/20 | 1750 | 315 |
| 10 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 10 | കേശവൻ | 2116 + 381 | 4/19-3/20 | 25392 | 4572 |
| 11 | ഓഫീസ് കോംപ്ലക്സ് റൂം നമ്പർ 2 | ജോയിന്റ് ആർ ടിഒ വൈക്കം | 12429+2237 | 11/19-3/20 | 62145 | 11185 |
| 12 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 3 | അനിൽ ശങ്കർ, പുതുശ്ശേരി | 1906 | 3/20 | 1906 | 343 |
| 13 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 4 | പി.രാജൻ, ബീനാ മൻസിൽ | 1070+193 | 7/19-3/20 | 9630 | 1737 |
| 14 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 5 | മുഹമ്മദ് നിസ്സാർ, കച്ചേരിത്തറയിൽ | 999+180 | 4/19-3/20 | 11988 | 2160 |
| 15 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 6 | പ്രസിഡന്റ്, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 383+69 | 11/19-3/20 | 1915 | 345 |
| 16 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 1 | സുജിൻ,സെക്രട്ടറി സി.പി.എം ലോക്കൽ കമ്മിറ്റി | 3177+572 | 4/19-3/20 | 38124 | 6864 |
| 17 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 3 | എം.പി.പ്രസാദ്, പ്രസിഡന്റ്, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 1333+240 | 11/19-3/20 | 6665 | 1200 |
| 18 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 5 | സുനിത, സെക്രട്ടറി, കുടുംബശ്രീ | 3465+624 | 10/19-3/20 | 20790 | 3744 |

| | | | | | | |
|---|---|---|---|---|---|---|
| 19 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 1 | ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 893 + 161 | 4/19-3/20 | 10716 | 1932 |
| 20 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 2 | ഹെഡ് ലോഡ് &ജനറൽ മസ്ദൂർ സംഘം | 893 + 161 | 4/19-3/20 | 10716 | 1932 |
| 21 | കോവിലകത്തുംകടവ് മാർക്കറ്റ്, റൂം നമ്പർ 3 | കൺവീനർ,INTUC | 893 + 161 | 4/19-3/20 | 10716 | 1932 |
| 22 | കോവിലകത്തുംകടവ് മാർക്കറ്റ്, റൂം നമ്പർ 4 | ഗിരീഷ്.കെ, കിഴക്കേചാലപ്പള്ളിൽ | 10000+1800 | 10/19-3/20 | 60000 | 10800 |
| 23 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 1 | ലക്ഷ്മിക്കുട്ടിയമ്മ, ബാബുസദനം | 3466 + 624 | 4/19-3/20 | 41592 | 7488 |
| 24 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 2 | നടേശൻ, മഴവഞ്ചേരിൽ | 3466+ 624 | 4/19-3/20 | 41592 | 7488 |
| 25 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 3 | ജനാർദ്ദനൻ | 3466+624 | 10/19-3/20 | 20796 | 3744 |
| 26 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ7 | പ്രിൻസ്, കറുത്തേടത്ത് | 4258 + 767 | 4/19-3/20 | 51096 | 9204 |
| 27 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 8 | മോനിഷ കെ.എം കോനാരിൽ | 3466+ 624 | 4/19-3/20 | 41592 | 7488 |
| 28 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 11 | എ.അനിൽകുമാർ, വള്ളൂർ | 3466+ 624 | 3/20 | 3466 | 624 |
| 29 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 12 | ലക്ഷ്മിക്കുട്ടിയമ്മ, ബാബുസദനം | 3466+ 624 | 4/19-3/20 | 41592 | 7488 |
| 30 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 19 | ലെനിൻ, ചെത്തിമറ്റം | 3466 + 624 | 4/19-3/20 | 41592 | 7488 |

| | | | | | | |
|---|---|---|---|---|---|---|
| 31 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 4 | പി.വി ബാബു , പ്ലാക്കാട്ടുപള്ളിൽ | 4515 + 812 | 7/19-3/20 | 40635 | 7308 |
| 32 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 4 | പി.വി.ബാബു, പ്ലാക്കാട്ടുപള്ളിൽ | 4741+853 | 7/19-3/20 | 42669 | 7677 |
| 33 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 10 | പി.രാജൻ, ബീനാ മൻസിൽ | 4200+756 | 8/19-3/20 | 33600 | 6048 |
| 34 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 36 | പ്രസിഡന്റ്, പ്രസ്സ് ക്ലബ് | 1338+ 241 | 4/19-3/20 | 16056 | 2892 |
| 35 | ബസ് ബേ കടമുറി 1 | രാജീവ്.കെ.ബി, ഉപാസന | 12500+2250 | 2/20-3/20 | 25000 | 4500 |
| | ആകെ | | | | 930816 | 171879 |

മേൽ സൂചിത വാടകക്കാരുടെ വാടക കുടിശ്ശിക പലിശസഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/12.01.22) മറുപടി ലഭ്യമാക്കിയില്ല. ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 അനധികൃത നിർമ്മാണം പൊളിച്ചുമാറ്റൽ - രേഖകൾ ലഭ്യമായില്ല.

ഫയൽ നം. E1- 6700/18

ഇരുപതാം വാർഡിലെ ശ്രീ. സജിമോൻ പരുത്തിമുടി വൈക്കം (പ്രണവം അപ്ഹോൾസ്റ്ററി) എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ VII/45, VII/45A- മായി ബന്ധപ്പെട്ട് നടന്ന അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനിയർ ശ്രീമതി.ലീന ഡി.ക്ക് 45000/- രൂപ തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകിയിരുന്നു (ചെക്ക് നമ്പർ 21800641/6/02/19 പ്രകാരം). 64060 രൂപ ടി ഇനത്തിൽ ചെലവാകുകയും 2019-20 ൽ മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് നമ്പർ 909925/ 29.1.20 പ്രകാരം ചെലവായ ബാക്കി തുകയായ 19060 രൂപ ടിയാരിക്ക് നൽകിയിട്ടുണ്ട് . KMBR ചട്ടം 18-(3) പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു കളഞ്ഞതിനുള്ള ചെലവുകൾ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ടി തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 08/14.01.2022) മറുപടി ലഭ്യമായില്ല.

അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയപ്പോൾ റൂഫിംഗ് ഷീറ്റ്, ജി.ഐ ട്യൂബ്, ടി.എം.ടി ബാർസ്, ജി.ഐ പൈപ്പ്, ഷട്ടേഴ്സ് എന്നിങ്ങനെ ഉപയോഗയോഗ്യമായ വസ്തുക്കൾ ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ മൂല്യം അസി. എഞ്ചിനീയർ രേഖപ്പെടുത്തിയതായി കാണുന്നില്ല . ടി വസ്തുക്കൾ ലേലം ചെയ്ത് മുതൽക്കൂട്ടിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമായില്ല.

ചെലവുതുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയതിന്റെയും ഉപയോഗയോഗ്യമായ വസ്തുക്കൾ ലേലം ചെയ്ത് മുതൽകൂട്ടിയതിന്റെയും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ആക്രിസാധനങ്ങളുടെ ലേലം-ഫയലും അനുബന്ധരേഖകളും ഹാജരാക്കിയില്ല

09.05.2019 ൽ ചേർന്ന നഗരസഭാ കൗൺസിലിൽ നഗരസഭാ ഓഫീസിലെ ഉപയോഗ ശൂന്യമായ മുഴുവൻ ആക്രിസാധനങ്ങളും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ലേല നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്ന് സെക്രട്ടറി വിശദീകരണം നൽകിയിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച ലേല ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/14.01.22) മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഓഫീസിലെ ആക്രി സാധനങ്ങൾ കടത്തിക്കൊണ്ട് പോകുന്നതായി പരാതി ലഭിച്ചിട്ടുള്ളതായും സാധനങ്ങളുടെ ക്വട്ടേഷനിൽ ബാറ്ററി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കേണ്ടതാണെന്നും കൗൺസിൽ യോഗത്തിൽ ചർച്ചകൾ നടന്നിട്ടുള്ളതായി കാണുന്നു.പ്രസ്തുത ലേല ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-21 ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്ക്- ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.

2019-20 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾക്ക് വർക്കിന്റെ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിരുന്നു. നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയത്. ആയതിൽ 5% VAT ഉൾപ്പെട്ടിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.3.18 ലെ ഡി.ബി 3 -9058/17/സി.ഇ നമ്പർ ഉത്തരവ് പ്രകാരം 1.7.17 ന് VAT ന് പകരം ജി.എസ്.റ്റി നിലവിൽ വന്നതിനാൽ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് പരാമർശിച്ചിട്ടുണ്ട്. മേൽപ്രോജക്റ്റിൽ ടി 5% തുക കുറവ് ചെയ്യാതെയാണ് ബിൽ തയ്യാറാക്കിയത്.

1) മുട്ടത്ത് വേലി റോഡ് നിർമ്മാണം (വാർഡ് 7)

| | |
|---|---|
| ഫയൽ നമ്പർ | PW1 3370/18 |
| അടങ്കൽ | 300000 ( MP- LADS) |
| ചെലവ് | 271425 |
| വൗച്ചർ നമ്പർ, തീയതി | 21900456/25.11.19 |
| എം.ബുക്ക് നമ്പർ | 128/18-19 |
| കരാർ നമ്പർ , തീയതി | 258/SEC/VMC/19.9.18 |
| കൺവീനർ | ഷാജി കെ , രേവതി നിവാസ് |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം | 271425 | 271425 |
| കുറയ്ക്കുക ഐ.റ്റി | 5429 | 5429 |
| WWF | 2687 | 2687 |
| CESS | 27 | 27 |
| GST | 5430 | 5430 |
| 5%OH | 0 | 13571 |
| ആകെ | 257852 | 244281 |

2) ആരാധനാമഠം കലുങ്ക് നിർമ്മാണം ( വാർഡ് 13)

| | |
|---|---|
| ഫയൽ നമ്പർ | PW1 3856/17 |
| അടങ്കൽ | 300000 ( MP- LADS) |
| ചെലവ് | 277600 |

| | |
|---|---|
| വൗച്ചർ നമ്പർ, തീയതി | 21900458/27.11.19 |
| എം.ബുക്ക് നമ്പർ | 127/18-19 |
| കരാർ നമ്പർ , തീയതി | 256/SEC/VMC/6.8.18 |
| കൺവീനർ | രമ്യ അജേഷ് നെടുംചിറ |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം | 277600 | 277600 |
| കുറയ്ക്കുക ഐ.റ്റി | 2776 | 2776 |
| WWF | 2748 | 2748 |
| CESS | 28 | 28 |
| GST | 5552 | 5552 |
| 5%OH | 0 | 13880 |
| ആകെ | 266496 | 252616 |

രണ്ട് വർക്കുകളിലുമായി അധികമായി 27451 (13571+13880) രൂപ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/14.01.2022) മറുപടി ലഭ്യമായില്ല. അധികമായി ചെലവഴിച്ച 27451 രൂപ ഗുണഭോക്തൃസമിതി കൺവീനറിൽ നിന്നോ ബിൽ തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്. അധികമായി നൽകിയ 27451/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1-22 ടെണ്ടർ കുറവ് ക്വോട്ട് ചെയ്തയാൾക്ക് കരാർ നൽകിയില്ല - 10204 രൂപയുടെ അധികച്ചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 170/20 |
| പ്രോജക്ടിന്റെ പേര് | കണ്ണാടി കോവിലകം റോഡ് റീ ടാറിംഗ് |
| ചെലവ് | 211665 /- |
| ബിൽ നമ്പർ,തീയതി | 167/31.1.20 |
| കരാറുകാരൻ | തങ്കപ്പൻ തലവടിച്ചിറ |
| കരാർ നമ്പർ, തീയതി | 10/19-20 Dt 16.10.19 |
| എം.ബുക്ക് നമ്പർ | 28/19-20 |

കണ്ണാടി കോവിലകം റോഡ് റീ ടാറിംഗ് എന്ന പ്രോജക്ടിനായി ശ്രീ റ്റി . എം മനോജ് എന്ന വ്യക്തി 5% കുറവും തങ്കപ്പൻ തലവടിച്ചിറ എന്നയാൾ എസ്റ്റിമേറ്റ് റേറ്റും ക്വോട്ട് ചെയ്തിരുന്നു. ടെണ്ടർ കുറവ് നിരക്ക് ക്വോട്ട് ചെയ്ത റ്റി. എം. മനോജ് എന്ന വ്യക്തിക്ക് പകരമായി തങ്കപ്പൻ തലവടിച്ചിറക്ക് കരാർ ഉറപ്പിച്ച് നൽകിയതിനാൽ ചുവടെ ചേർക്കും പ്രകാരം അധികച്ചെലവുണ്ടായി.

| നൽകിയ തുക | നൽകാവുന്ന തുക |
|---|---|
| വേല മൂല്യം- 188987 | വേല മൂല്യം- 188987 |
| + GST 12% - 22678 | ( -) 5% Tender Deduction 9449 = 179538 |
| ആകെ - 211665 | + GST 12% = 21545 |
| (-) IT - 1890 | ആകെ - 201083 |

| | |
|---|---|
| CGST - 1890 | (-) IT - 1795 |
| SGST - 1890 | CGST - 1795 |
| WWF - 1870 | SGST - 1795 |
| CESS - 19 | WWF - 1777 |
| കോൺട്രാക്ടർക്ക് = 204106 | CESS - 18 |
| | കോൺട്രാക്ടർക്ക് = 193902 |

കോൺട്രാക്ടർക്ക് അധികമായി 10204 രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/18.01.2022) മറുപടി ലഭ്യമായില്ല. അധികമായി ചെലവഴിച്ച 10204 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

1-23 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് - 19924 രൂപ അധികം ചെലവഴിച്ചു.

| | |
|---|---|
| ഫയൽ നമ്പർ | E2 5495/18 |
| പ്രോജക്ടിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് |
| ചെലവ് | 90351 ( സംരക്ഷണഗ്രാന്റ് റോഡിതരം) |
| ബിൽ നമ്പർ ,തീയതി | 13/ 7.6.19 = 12255<br>44/29.10.19 = 13716<br>60/27.12.19 = 47451<br>75/ 26.2.20 = 3381<br>90/ 6.3.20 = 13548 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |

ബിൽ നമ്പർ 13/7.6.19 പ്രകാരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ 3/19 ലെ ടെലഫോൺ ചാർജായ 7568, 4/19 ലെ ടെലഫോൺ ചാർജായ 4687 ഉം ഉൾപ്പെട്ടിരുന്നു. ബിൽ നമ്പർ 44/ 29.10.19 എന്ന ബില്ലിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ 5/19 ലെ ടെലഫോൺ ചാർജായ 7669 ഉം ഉൾപ്പെട്ടിരുന്നു. ടി 3 ബില്ലുകളും 60/27.12.19 എന്ന ബില്ലിൽ വീണ്ടും ഉൾപ്പെടുത്തി ചെലവ് നടത്തിയതിനാൽ 19924 രൂപ അധികമായി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/14.01.2022) അധികമായി ചെലവഴിച്ച തുക ഈടാക്കുമെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അധികമായി നൽകിയ 19924 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 പോസ്റ്റ് ഷിഫ്റ്റിംഗ് - യു.സി ലഭ്യമായില്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹിച്ച എസ്.സി കോളനികളിലേക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് എന്ന പ്രോജക്ടിനായി (നമ്പർ 211/20) കെ.എസ്.ഇ.ബി യിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് (എസ്.സി.പി) വിഹിതത്തിൽ നിന്നും 109064 രൂപ പിൻവലിച്ച് കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ട്. കരാർ പ്രാകാരം 31.5.19 ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നു. പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എസ്.സി.പി ഫണ്ട് ചെലവഴിച്ച ടി പ്രോജക്ടിന്റെ

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഫീസിബിലിറ്റി കിട്ടി പൂർത്തിയാക്കിയ വഴികളുടെ സൈഡിലൂടെയാണ് പോസ്റ്റ് ഷിഫ്റ്റിംഗ് നടത്തിയതെന്നാണ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18 ) ലഭ്യമായ മറുപടി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 109064 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 മുതൽ ആരംഭിച്ച ഭവനനിർമ്മാണം എന്ന പ്രോജക്ട് തൻവർഷവും സ്പിൽ ഓവറായി തുടർന്നു ( പ്രോജക്ട് നമ്പർ 273/20). വിവിധ വർഷങ്ങളിലായി ആകെ 4 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. 3 ലക്ഷം രൂപ വീതമാണ് ഒരു ഗുണഭോക്താവിന് നൽകുന്നത്. തൻവർഷം 255000 രൂപ എസ്.സി.പി വിഹിതം ചെലവഴിച്ചു ( ബിൽ നമ്പർ 3/27.4.19, 69/27.6.19, 111/28.10.19. 135/11.12.19). ശ്രീമതി തങ്കമ്മ പുത്തൻതറ , ശ്രീ ഗോപാലൻ മുങ്ങോടിത്തറയിൽ എന്നീ ഗുണഭോക്താക്കൾ 255000 രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19 ) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗോപാലൻ മുങ്ങോടിത്തറയിൽ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയെന്നും പൂർത്തീകരണ പ്ളാനിൽ അപാകതയുള്ളതിനാലാണ് അവസാനഗഡു നൽകാത്തതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 ശ്രീമൂലം മാർക്കറ്റ് പുനരുജ്ജീവനം - ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 208/20 |
| ചെലവ്, ഫണ്ടിനം | 972203 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ബിൽ നമ്പർ,തീയതി | 148/31.12.19 = 490000<br>149/31.12.19 = 482203 |
| കരാറുകാരൻ | കൃഷ്ണകുമാർ ജി. |
| കരാർ നമ്പർ, തീയതി | 02/19-20/AE/LSGD/VKM/10.7.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | 10/19-20 |

പ്രവർത്തനം നിലച്ചുകിടക്കുന്ന മാർക്കറ്റ് പ്രവർത്തനക്ഷമമാക്കുക എന്ന ലക്ഷ്യം മുമ്പിൽ കണ്ടാണ് ടി പ്രോജക്ട് രൂപീകരിച്ചത്. നിലവിലെ കെട്ടിടത്തിന് ടൈൽ പാകൽ, പെയിന്റ് ചെയ്യൽ, റൂമുകൾക്ക് റോളിംഗ് ഷട്ടർ ഇടൽ, കെട്ടിടത്തോട് ചേർന്ന ഭാഗത്ത് കോൺക്രീറ്റ് ടൈൽ പാകൽ എന്നിവയാണ് പ്രോജക്ട് പ്രകാരം നിർവ്വഹിച്ചത്. 20.1.22 ന് ടി കെട്ടിടം പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. 10 റൂമുകളുള്ള ടി കെട്ടിടത്തിന്റെ ഒരു റൂം മാത്രമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. കെട്ടിടത്തിന്റെ ഒരു ഭാഗം

കാട് കയറിയ നിലയിയാണ്. ഉപയോഗിക്കാതെ കാലക്രമത്തിൽ മുറികൾ നശിക്കുന്നതിന് ഇടയാകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

നവീകരിച്ച കെട്ടിടത്തിന്റെ പുറക് ഭാഗത്തായി പഴയ അറവ് ശാല കെട്ടിടം കാലപ്പഴക്കം മൂലം ജീർണ്ണിച്ച് നിലം പൊത്താറായ അവസ്ഥയിലാണ്. ടി കെട്ടിടവും അതിനോട് ചേർന്ന ഭാഗവും നവീകരിക്കാതെ അതിന്റെ മുൻവശത്തെ കെട്ടിടം നവീകരിച്ചത് മൂലം നഗരസഭയുടെ ആസ്തികൾ പൂർണ്ണമായി ഉപയോഗയോഗ്യമാക്കി അതിൽ നിന്നും ഭാവിയിൽ ആദായമുണ്ടാക്കുക എന്ന ലക്ഷ്യം ഇല്ലാതാകുന്ന അവസ്ഥ സംജാതമാകും. പഴയ അറവ് ശാലക്കെട്ടിടം മെയിന്റനൻസ് നടത്തുക എന്നത് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നെങ്കിലും നടപ്പാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/21.01.2022) മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 9,72,203/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് മാർക്കറ്റ് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 ആയുർവേദാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/19-20 ആയുർവേദാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | 300000 – മെയിന്റനൻസ് ഫണ്ട് -റോഡിതരം |
| ചെലവ് | 300000 |
| ബിൽ നം | 3/19-20 Dtd 27.09.19 |

മേൽ പ്രോജക്ടിനായി ആകെ 300000 രൂപ ആർട്ട്കോ ലിമിറ്റഡിന് കൈമാറിയെങ്കിലും സ്ഥാപനം 297479/- രൂപയുടെ രസീത് മാത്രമാണ് ലഭ്യമാക്കിയത്. വാങ്ങൽ നടത്തിയ ഫർണ്ണിച്ചറുകളുടെ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പെർഫോർമ ഇൻവോയ്സ് മാത്രമാണ് ലഭ്യമാക്കിയത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/13.01.2022)മറുപടി ലഭ്യമാക്കിയില്ല. ബിൽ മുഖേന കൈമാറിയ തുകയ്ക്ക് പൂർണ്ണമായും കൈപ്പറ്റ് രസീത് ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും വാങ്ങലുമായി ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-28 രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - നമ്പർ 44/19-20 -സമഗ്ര ആരോഗ്യ പരിപാലന പദ്ധതി

ചെലവ്- 1441692 (വികസന ഫണ്ട് ജനറൽ)

പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിന്റെ ബിൽ നം 61/ 20 തീയതി 31/03/20 പ്രകാരം 247392 രൂപ നഗരസഭ സെക്രട്ടറിയുടെ 57039365397 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഏത് ആവശ്യത്തിനാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. കൂടാതെ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 247392/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 ആയുർവേദാശുപത്രിക്ക് ജനറേറ്റർ വാങ്ങൽ - പ്രോജക്ട് നടപ്പാക്കിയില്ല.

2019-20 വർഷത്തിൽ ആയുർവേദാശുപത്രിക്ക് ജനറേറ്റർ വാങ്ങുന്നതിനായി പ്രോജക്ട് (പ്രോജക്ട് - 32/19-20) വിഭാവനം ചെയ്തിരുന്നു. 20 Kva ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് 110/EE/EL/LSGD/ 2019-20

Dtd 15.11.2019 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി ഡിവിഷൻ, കോട്ടയത്തിന്റെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. 500000/- രൂപയാണ് മേൽ പ്രോജക്ടിനായി വകയിരുത്തിയിരുന്നത്. ഇ ടെണ്ടർ നടപടികൾക്കായി വിവരങ്ങൾ/രേഖകൾ അസി.എഞ്ചിനീയർ , വൈക്കം നഗരസഭക്ക് 09.02.2020 ൽ കൈമാറിയിരുന്നു. മേൽ പ്രോജക്ട് നാളിതുവരെ നടപ്പാക്കിയതായി കാണുന്നില്ല. വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/11.01.2022) നിർവ്വഹണോദ്യോഗസ്ഥനായ ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദാശുപത്രി ലഭ്യമാക്കിയ മറുപടിയിൽ ഇ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രോജക്ട് നടപ്പിലാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം നഗരസഭയോട് പല തവണ നേരിട്ട് വിഷയം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പായില്ലെന്ന് അറിയിച്ചു. മേൽ എൻക്വയറിക്ക് 2019-20 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർമാർ മാറിവന്നതിനാലും 5 ലക്ഷത്തിൽ നിർത്തി ടെൻഡർ ഷെഡ്യൂൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടായതിനാലും ഇ-ടെൻഡർ നടപടികളിൽ താമസമുണ്ടായി എന്നറിയിച്ചു. 2020-21 സാമ്പത്തിക വർഷം ഫണ്ട് ലഭ്യത കുറവായിരുന്നതിനാൽ സ്പിൽ ഓവറായി പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചു. ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ മുന്നൊരുക്കമായി ആയുർവേദാശുപത്രിക്ക് ഇലക്ട്രിഫിക്കേഷൻ വർക്ക്സ് (പ്രോജക്ട് നം.283/19-20) എന്ന പ്രോജക്ട് 300000/- രൂപ ചെലവഴിച്ച് നടപ്പാക്കിയിരുന്നു. തുടർനടപടികളുടെ അഭാവത്തിൽ സാങ്കേതികാനുമതി വരെ ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കേണ്ടി വന്ന സാഹചര്യം ഗൗരവമായി ഭരണസമിതി പരിഗണിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ വേണ്ട കൃത്യമായ ആസൂത്രണങ്ങളും വേണ്ട മുന്നൊരുക്കങ്ങളും സ്വീകരിക്കേണ്ടതാണ്.

## 1-30 പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റിന് സമീപം ടൈൽ പാകലും ഗേറ്റ് സ്ഥാപിക്കലും - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 213/20 |
| ചെലവ്, ഫണ്ടിനം | 185697 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ബിൽ നമ്പർ,തീയതി | 38/7.6.19 = 159507<br>166/31.1.20 = 26190 |
| കരാറുകാരൻ | കൃഷ്ണകുമാർ .ജി |
| കരാർ നമ്പർ, തീയതി | 77/AE/LSGD /VKM/27.2.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |



നഗരസഭാ ശ്മശാനത്തോട് ചേർന്നുള്ള പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റിന് സമീപമുള്ള കെട്ടിടത്തിന് മുൻവശം ടൈൽ പാകലും ടോയ്‌ലെറ്റ് മെയിന്റനൻസും പ്ളാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റിന് ഗേറ്റ് സ്ഥാപിക്കലുമാണ് പ്രോജക്ട് പ്രകാരം നിർവ്വഹിച്ചത്. 20.1.22 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടി കെട്ടിടം യാതൊരു ഉപയോഗവുമില്ലാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതായി ബോദ്ധ്യപ്പെട്ടു. സ്ഥാപിച്ച ഗേറ്റിന്റെ ഒരു പാളി ഇളക്കി മാറ്റി മതിലിൽ ചാരിവച്ച നിലയിലുമാണ്.

വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/21.01.2022) മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 185697/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 റെഗുലർ / കണ്ടിജന്റ് പെൻഷൻ ഫണ്ട്

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ പ്രകാരം (ഫയൽ നം. G1-41/17) നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും അടയ്ക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് കൃത്യമായി അലോട്ട്മെന്റുകൾ ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്.

| | റഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|
| സർവ്വീസ് പെൻഷൻകാരുടെ എണ്ണം | 26 | 24 |
| കുടുംബപെൻഷൻകാരുടെ എണ്ണം | 11 | 9 |
| 2019-20 വർഷം സർവ്വീസ് പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 59,41,384 | 37,52,202 |
| 2019-20 വർഷം കുടുംബ പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 12,72,840 | *13,23,000* |
| 2019-20 വർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ / മുൻസിപ്പൽപെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക. | 0 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും തൻ വർഷം ലഭിച്ച അലോട്ട്മെന്റ്. | 4552147 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുക. | 7344067 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക | 14402841 | 0 |
| നഗരസഭയിലെ പെൻഷൻഫണ്ട് അക്കൗണ്ട് നമ്പർ. | TP-140 | TP-124 |

പെൻഷൻ വിതരണം - നഗരസഭയ്ക്ക് ബാദ്ധ്യത

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും മുൻസിപ്പൽ പെൻഷൻ ഫണ്ടിലും അടവാക്കുന്നില്ല. 1997 -ലെ

കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. AFS പ്രകാരം (B-9 ഷെഡ്യൂൾ) ഈ ഇനത്തിൽ 12747020.50 രൂപ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുവാനുണ്ട്. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11വർഷം മുതൽ കുടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴിതെളിക്കും.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്ക്- ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.

2019-20 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് വർക്കിന്റെ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിരുന്നു. നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയത്. ആയതിൽ 5% VAT ഉൾപ്പെട്ടിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.3.18 ലെ ഡി.ബി 3 -9058/17/സി.ഇ നമ്പർ ഉത്തരവ് പ്രകാരം 1.7.17 ന് VAT ന് പകരം ജി.എസ്.റ്റി നിലവിൽ വന്നതിനാൽ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് പരാമർശിച്ചിട്ടുണ്ട്. മേൽപ്രോജക്ടിൽ ടി 5% തുക കുറവ് ചെയ്യാതെയാണ് ബിൽ തയ്യാറാക്കിയത്.

1) മുട്ടത്ത് വേലി റോഡ് നിർമ്മാണം (വാർഡ് 7)

| | |
|---|---|
| ഫയൽ നമ്പർ | PW1 3370/18 |
| അടങ്കൽ | 300000 ( MP- LADS) |
| ചെലവ് | 271425 |
| വൗച്ചർ നമ്പർ, തീയതി | 21900456/25.11.19 |
| എം.ബുക്ക് നമ്പർ | 128/18-19 |
| കരാർ നമ്പർ , തീയതി | 258/SEC/VMC/19.9.18 |
| കൺവീനർ | ഷാജി കെ , രേവതി നിവാസ് |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം | 271425 | 271425 |
| കുറയ്ക്കുക ഐ.റ്റി | 5429 | 5429 |
| WWF | 2687 | 2687 |
| CESS | 27 | 27 |
| GST | 5430 | 5430 |
| 5%OH | 0 | 13571 |
| ആകെ | 257852 | 244281 |

2) ആരാധനാമഠം കലുങ്ക് നിർമ്മാണം ( വാർഡ് 13)

| | |
|---|---|
| ഫയൽ നമ്പർ | PW1 3856/17 |
| അടങ്കൽ | 300000 ( MP- LADS) |
| ചെലവ് | 277600 |
| വൗച്ചർ നമ്പർ, തീയതി | 21900458/27.11.19 |
| എം.ബുക്ക് നമ്പർ | 127/18-19 |
| കരാർ നമ്പർ , തീയതി | 256/SEC/VMC/6.8.18 |
| കൺവീനർ | രമ്യ അജേഷ് നെടുംചിറ |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം | 277600 | 277600 |
| കുറയ്ക്കുക ഐ.റ്റി | 2776 | 2776 |
| WWF | 2748 | 2748 |
| CESS | 28 | 28 |
| GST | 5552 | 5552 |
| 5%OH | 0 | 13880 |
| ആകെ | 266496 | 252616 |

രണ്ട് വർക്കുകളിലുമായി അധികമായി 27451 (13571+13880) രൂപ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/14.01.2022) മറുപടി ലഭ്യമായില്ല. അധികമായി ചെലവഴിച്ച 27451 രൂപ ഗുണഭോക്തൃസമിതി കൺവീനറിൽ നിന്നോ ബിൽ തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്. അധികമായി നൽകിയ 27451/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3-2 ടെണ്ടർ കുറവ് ക്വോട്ട് ചെയ്തയാൾക്ക് കരാർ നൽകിയില്ല – 10204 രൂപയുടെ അധികച്ചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 170/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കണ്ണാടി കോവിലകം റോഡ് റീ ടാറിംഗ് |
| ചെലവ് | 211665 /- |
| ബിൽ നമ്പർ,തീയതി | 167/31.1.20 |
| കരാറുകാരൻ | തങ്കപ്പൻ തലവടിച്ചിറ |
| കരാർ നമ്പർ, തീയതി | 10/19-20 Dt 16.10.19 |
| എം.ബുക്ക് നമ്പർ | 28/19-20 |

കണ്ണാടി കോവിലകം റോഡ് റീ ടാറിംഗ് എന്ന പ്രോജക്ടിനായി ശ്രീ റ്റി . എം മനോജ് എന്ന വ്യക്തി 5% കുറവും തങ്കപ്പൻ തലവടിച്ചിറ എന്നയാൾ എസ്റ്റിമേറ്റ് റേറ്റും ക്വോട്ട് ചെയ്തിരുന്നു. ടെണ്ടർ കുറവ് നിരക്ക് ക്വോട്ട് ചെയ്ത റ്റി. എം. മനോജ് എന്ന വ്യക്തിക്ക് പകരമായി തങ്കപ്പൻ തലവടിച്ചിറക്ക് കരാർ ഉറപ്പിച്ച് നൽകിയതിനാൽ ചുവടെ ചേർക്കും പ്രകാരം അധികച്ചെലവുണ്ടായി.

| നൽകിയ തുക | നൽകാവുന്ന തുക |
|---|---|
| വേല മൂല്യം- 188987 | വേല മൂല്യം- 188987 |
| + GST 12% - 22678 | ( -) 5% Tender Deduction 9449 = 179538 |
| ആകെ - 211665 | + GST 12% = 21545 |
| (-) IT - 1890 | ആകെ - 201083 |
| CGST - 1890 | (-) IT - 1795 |
| SGST - 1890 | CGST - 1795 |
| WWF - 1870 | SGST - 1795 |
| CESS - 19 | WWF - 1777 |
| കോൺട്രാക്ടർക്ക് = 204106 | CESS - 18 |
| | കോൺട്രാക്ടർക്ക് = 193902 |

കോൺട്രാക്ടർക്ക് അധികമായി 10204 രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/18.01.2022) മറുപടി ലഭ്യമായില്ല. അധികമായി ചെലവഴിച്ച 10204 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

### 3-3 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് - 19924 രൂപ അധികം ചെലവഴിച്ചു.

| | |
|---|---|
| ഫയൽ നമ്പർ | E2 5495/18 |
| പ്രോജക്ടിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ് |
| ചെലവ് | 90351 ( സംരക്ഷണഗ്രാന്റ് റോഡിതരം) |
| ബിൽ നമ്പർ ,തീയതി | 13/ 7.6.19 = 12255<br>44/29.10.19 = 13716<br>60/27.12.19 = 47451 |

| | |
|---|---|
| | 75/ 26.2.20 = 3381<br>90/ 6.3.20 = 13548 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |

ബിൽ നമ്പർ 13/7.6.19 പ്രകാരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ 3/19 ലെ ടെലഫോൺ ചാർജായ 7568, 4/19 ലെ ടെലഫോൺ ചാർജായ 4687 ഉം ഉൾപ്പെട്ടിരുന്നു. ബിൽ നമ്പർ 44/ 29.10.19 എന്ന ബില്ലിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ 5/19 ലെ ടെലഫോൺ ചാർജായ 7669 ഉം ഉൾപ്പെട്ടിരുന്നു. ടി 3 ബില്ലുകളും 60/27.12.19 എന്ന ബില്ലിൽ വീണ്ടും ഉൾപ്പെടുത്തി ചെലവ് നടത്തിയതിനാൽ 19924 രൂപ അധികമായി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/14.01.2022) അധികമായി ചെലവഴിച്ച തുക ഈടാക്കുമെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അധികമായി നൽകിയ 19924 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

വൈക്കം നഗരസഭയുടെ 2019-20 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 13.07.2020-ലെ 1;)ം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05.01.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2019-20 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

തൻവർഷം വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് , ഫണ്ടിനം | ചെക്ക് നമ്പർ/തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 211/19-20 | എസ്.സി കോളനികളിലേയ്ക്ക് വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 4,11 | കെ എസ് ഇ ബി | എസ് സി പി 109064 | ബിൽ നം.2/27.04.2019 | 0 | 109064 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു. ഇഎംഎസ് ഹൗസിംഗ് ലോൺ, കെയുആർഡിഎഫ്സി.ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വായ്പ വിവരങ്ങളുടെ

കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലോൺ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെയുആർഡിഎഫ് സി പിഎംഎവൈ ഹൗസിംഗ് ലോൺ | ജി.ഒ(എംഎസ്)നം 68/18/ എൽഎസ്ജിഡി തീയതി 18/05/2018 | 24000000 | 11400000 | 12600000 | 946667 | 23053333 |
| കെയുആർഡിഎഫ്സി. ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | - | ലഭ്യമല്ല | 352238 | --- | - | 352238 |
| ഇഎംഎസ് ഹൗസിംഗ് ലോൺ | ജിഒ(എംഎസ്)നം 129/2009/ടിഡി തീയതി 16/07/2009 | 10195000 | 1067975 | - | 200000 | 867975 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 4711/- രൂപ വരവുണ്ട്. റിക്കവറി തുക 280800500 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2017-18 | 3-8 | 4394/- | കൃഷ്ണകുമാർ ജി. | 119010103752/03.09.2019 |
| 2017-18 | 3-8 | 317/- | കെ. എൻ. ശശിധരൻ | 119010103657/30.08.2019 |
| | ആകെ | 4711/- | | |

നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-26 | 2012-13 | അദ്ധ്യായം 2. ഖണ്ഡിക 2.5 | നഗരസഭകളും പരസ്യനികുതിയും | നിയമസഭ സമിതി പരിഗണിച്ചിട്ടില്ല |
| 2011-12 | 2-7 | 2013-14 | 4.6 | ടൗൺ ഹാൾ, റെസ്റ്റ് ഹൗസ് വാടക കുടിശിക ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| -- | -- | 2015-16 | 4.2.2 | വിവിധ പദ്ധതികളിലെ അപേക്ഷ ഫോറത്തിൽ അർഹത/മുൻഗണനാ മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (വിഷയാധിഷ്ഠിത അവലോകനം) | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2016-17 | 3-16 | 2017-18 | 15.3 | വെള്ളക്കരം കുടിശിക – നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാദ്ധ്യത | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37079193.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126191688 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57579 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1514356 |

(ബി) മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 27451 | ശ്രീമതി ഉഷാ ആർ. മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | -- | 10204 | ശ്രീ.ബിനു കെ., മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | -- | 19924 | ശ്രീമതി രമ്യാ കൃഷ്ണൻ സെക്രട്ടറി |
| ആകെ | | 57579 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 109064 | ശ്രീമതി ലീന വി മുനിസിപ്പൽ എഞ്ചിനീയർ |
| 1-26 | 972203 | ശ്രീ അനിൽ ഡി ജെ മുനിസിപ്പൽ എഞ്ചിനീയർ |
| 1-28 | 247392 | ശ്രീമതി സുനിമോൾ വൈ.ജെ. ഹെൽത്ത് ഇൻസ്പെക്ടർ |
| 1-30 | 185697 | ശ്രീമതി ലീന വി മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 1514356 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഉഷാ ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ, | അരുണിമ തുലാംപറമ്പ് |

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് | ഹരിപ്പാട് പി.ഒ., ആലപ്പുഴ |
| ശ്രീ.ബിനു കെ., മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വെച്ചൂർ ഗ്രാമപഞ്ചായത്ത് | മണമേൽതറ, പെരുമാശ്ശേരി, വൈക്കം പി.ഒ., കോട്ടയം |
| ശ്രീമതി രമ്യാ കൃഷ്ണൻ സെക്രട്ടറി | സെക്രട്ടറി, വൈക്കം നഗരസഭ | കണ്ടത്തിൽ വീട് വടക്കേനട വൈക്കം – 686144 |

## 4-11 തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 1998-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ)1497/07 /11.07.08/ 19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |

| | |
|---|---|
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07 /09.09.09 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 2007-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.11 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/ 13/21.3.14 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206 /17/29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/1503 /17/09.03.2018/17.3.2018 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178/19/03.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി17/1342/2020 22.12.2020 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്